കവർസ്റ്റോറി

മുഹമ്മദ് പാലത്ത്

## ഇന്ത്യ-ആസിയാൻ സ്വതന്ത്ര വ്യാപാര കരാർ

# കോളനിവൽക്കരണത്തിന്റെ ആവർത്തനം

**ടാറ്റയുടെ കാറിനും റിലയൻസിന്റെ ഫോണിനും ഇന്തോനേഷ്യയിലും മലേഷ്യയിലും വിപണി ലഭ്യമായേക്കാം. കേരളത്തിലെ കർഷകന്റെ നാളികേരത്തിനും ചകിരി ഉൽപന്നങ്ങൾക്കും കശുവണ്ടിക്കും കുരുമുളകിനും എളുപ്പം ലഭ്യമാവണമെന്നില്ല. ലഭിച്ചാൽ തന്നെ വിലയുടെ കാര്യത്തിൽ മത്സരിക്കേണ്ടിയും വരും. കേരളത്തിലെ കർഷകരും മത്സ്യത്തൊഴിലാളികളും സ്വതന്ത്രവ്യാപാര കരാറിനെ എതിർക്കുമ്പോൾ വൻ വ്യവസായികളും വ്യാപാരികളും സ്വാഗതം ചെയ്യുന്നത് അതിനാലാണ്.**



**കോളനിവൽക്കരിക്കപ്പെടുന്നതിനു** മുമ്പ് ഇന്ത്യ മികച്ച സമ്പദ്‌വ്യവസ്ഥകളിലൊന്നായിരുന്നു എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. വ്യാവസായിക-കാർഷികോൽപന്നങ്ങൾ ലഭിക്കുന്നതിന് വേണ്ടി ഇന്ത്യയുമായി വ്യാപാരബന്ധം സ്ഥാപിക്കാൻ ലോകരാഷ്ട്രങ്ങൾ മത്സരിച്ചു. അന്നത്തെ സാങ്കേതികവിദ്യയിൽ പരിമിതമായ കരകൗശല വ്യവസായങ്ങളുടെ ഉൽപന്നങ്ങളും വിവിധയിനം തുണിത്തരങ്ങളും കൊണ്ട് ലോകപ്രശസ്തമായിരുന്നു ഇന്ത്യ.

ബ്രിട്ടീഷ് ഭരണത്തോടെ തകർക്കപ്പെട്ടത് ഇന്ത്യയുടെ സ്വയംപര്യാപ്തമായ സമ്പദ്‌വ്യവസ്ഥയാണ്. വ്യാവസായിക വിപ്ലവഫലമായി ബ്രിട്ടനിൽ സ്ഥാപിക്കപ്പെട്ട വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ സ്രോതസ്സും ഉൽപന്നങ്ങളുടെ മാർക്കറ്റുമായി ഇന്ത്യയെ കാണുകയായിരുന്നു കൊളോണിയൽ ശക്തികൾ. അനിയന്ത്രിതമായ ഇറക്കുമതി ഇന്ത്യൻ കരകൗശല വ്യവസായങ്ങളെ തകർത്തു. നിരവധി പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു. കാർഷിക ഉൽപന്നങ്ങൾക്ക് വില ലഭിക്കാതായി; അഥവാ ബ്രിട്ടീഷുകാർ പറയുന്ന വിലയ്ക്ക് ഉൽപന്നങ്ങൾ വിൽക്കാൻ നിർബന്ധിതമായി. വ്യാവസായിക മേഖലയിൽ തൊഴിൽ നഷ്ടമായവരും കാർഷികവൃത്തിയിലേക്ക് കടന്നുവന്നുവെങ്കിലും വികലമായ കാർഷിക നയങ്ങൾ മൂലം ഉൽപാദനം വർധിപ്പിക്കാൻ സാധിച്ചില്ല. ചുരുക്കത്തിൽ കോളനിഭരണം രാജ്യത്തിന് സമ്മാനിച്ചത് തകർന്ന് തരിപ്പണമായ സമ്പദ്‌വ്യവസ്ഥയായിരുന്നു.

സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഇന്ത്യക്കാരുടെ സമരം അധികാര കൈമാറ്റത്തിനു വേണ്ടി മാത്രമുള്ളതായിരുന്നില്ല. വെള്ളക്കാർ നടപ്പാക്കിയ രാഷ്ട്രീയ സാമ്പത്തികനയങ്ങൾ കാരണം തകർന്ന ആഭ്യന്തര ഉൽപാദന മേഖലയിൽ നിന്നും അറുത്തെറിയപ്പെട്ട പതിനായിരങ്ങളുടെ നിലനിൽപിനുവേണ്ടിയുള്ള അവസാനത്തെ പോരാട്ടമായിരുന്നു അത്.

സ്വാതന്ത്ര്യം നേടിയതിനു ശേഷം നമ്മുടെ രാഷ്ട്രനേതാക്കൾ ഊന്നൽ നൽകിയത് വ്യാവസായിക കാർഷിക മേഖലയുടെ പുനർനിർമാ

ണത്തിനായിരുന്നു. ശൈശവാവസ്ഥയിൽ നിന്ന് വളർത്തിയെടുക്കേണ്ടതുണ്ടായിരുന്നതിനാൽ ശിശുതുല്യമായ പരിചരണവും ആവശ്യമായിരുന്നു. അതീവ നിയന്ത്രിതമായ സമ്പദ്‌വ്യവസ്ഥക്കകത്തു നിന്ന് വ്യാവസായിക കാർഷിക വളർച്ചക്ക് വിത്തുപാകാനാണ് രാഷ്ട്രനേതാക്കൾ ശ്രമിച്ചത്. അന്നും വൻശക്തികൾ വാഗ്ദാനങ്ങളുമായി പിന്നാലെയുണ്ടായിരുന്നു. പക്ഷേ, രാഷ്ട്രനേതാക്കളുടെ ഇഛാശക്തി അവയെയൊക്കെ ചെറുത്തു തോൽപിച്ചു. ഇന്ത്യ ഒറ്റപ്പെട്ടുപോവും എന്ന വ്യഥ അന്ന് അവരെയൊന്നും പിടിച്ചുലച്ചില്ല. സത്യവും ന്യായവും കൈമുതലായുണ്ടെങ്കിൽ ആരും ഒറ്റപ്പെടില്ല എന്ന മറുവാദത്തോടെ തങ്ങളോടൊപ്പം നിൽക്കുന്നവരെ ചേർത്ത് മൂന്നാംചേരിക്ക് രൂപം നൽകാനും നമുക്കു കഴിഞ്ഞു. വർഷങ്ങൾക്കുള്ളിൽ വ്യാവസായിക അടിത്തറ നാം നേടിയെടുത്തു. അതും ഭൂരിഭാഗവും പൊതുമേഖലയിൽ. കാർഷിക രംഗവും വ്യത്യസ്തമായിരുന്നില്ല. നിയന്ത്രിത സമ്പദ്‌വ്യവസ്ഥയുടെ പരിമിതികൾക്കകത്തുനിന്നാണ് ഇത്രയും നേടാൻ സാധിച്ചത്. വികസിത രാഷ്ട്രങ്ങളുടെ ഉൽപന്നങ്ങൾ വിപണിയിൽ സ്ഥാനം പിടിച്ചിരുന്നുവെങ്കിൽ ഇത്രയും വളർച്ച വ്യാവസായികരംഗത്ത് നേടാൻ സാധിക്കുമായിരുന്നില്ല. വികസിത രാജ്യങ്ങളുടെ നിലവാരത്തിലേക്കുയരണമെങ്കിൽ ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്.

ഇത്രയും പറയേണ്ടിവന്നത് ആസിയാൻ (Association of South East Asian Nations) രാഷ്ട്രങ്ങളുമായി ഇന്ത്യ ഈയിടെ ഒപ്പുവെച്ച സ്വതന്ത്ര വ്യാപാരകരാറിന്റെ പശ്ചാത്തലത്തിലാണ്. അഞ്ചുവർഷം നീണ്ട ചർച്ചകൾക്കൊടുവിലാണ് ഇന്ത്യ-ആസിയാൻ സ്വതന്ത്രവ്യാപാര കരാറിൽ ഒപ്പുവെക്കാൻ മൻമോഹൻ തീരുമാനിച്ചത്. രാജ്യത്തെ സാധാരണ ജനങ്ങളുടെ ഏക ആശ്രയമായ കാർഷികമേഖല, മത്സ്യബന്ധനം, ചെറുകിട വ്യവസായം എന്നിവയെ ഏറെ ദോഷകരമായി ബാധിക്കുന്ന കരാറിനെക്കുറിച്ച് ചർച്ച ആരംഭിച്ചതു മുതൽ ആശങ്ക ഉയർന്നിരുന്നു. ഒന്നാം യു.പി.എ സർക്കാർ കരാറിൽ ഒപ്പുവെക്കാതിരുന്നതു തന്നെ കോൺഗ്രസിലെ തന്നെ ഒരു വിഭാഗം ഇതു സംബന്ധിച്ച് എതിർപ്പ് പ്രകടിപ്പിച്ചപ്പോഴായിരുന്നു. രണ്ടുവർഷം മുമ്പ് യു.പി.എ ചെയർപേഴ്സൺ സോണിയാഗാന്ധി ഇതു സംബന്ധമായി പ്രധാനമന്ത്രിക്ക് കത്തെഴുതുകയുണ്ടായി. എന്നാൽ ഈ ആശങ്കകൾക്ക് പുല്ലുവില കൽപിക്കാതെയാണ് “കരാറിൽ ഇപ്പോൾ ഒപ്പുവെച്ചില്ലെങ്കിൽ നാം ഒറ്റപ്പെട്ടുപോകും” എന്ന ന്യായം പറഞ്ഞ് നവ ഉദാരവൽക്കരണവാദികളായ പ്രധാനമന്ത്രിയും കൂട്ടരും കരാറൊപ്പിടാൻ ഇറങ്ങിത്തിരിച്ചതും യാതൊരു മുന്നറിയിപ്പുമില്ലാതെ ഒപ്പുവെച്ചതും. ഇവിടെയാണ് ബ്രിട്ടീഷുകാരന്റെ കോളനിഭരണ നയങ്ങളുമായി നമ്മുടെ ഭരണകൂട നയങ്ങളെ താരതമ്യം ചെയ്യേണ്ടത്.

ബ്രൂണൈ, കമ്പോഡിയ, ഇന്തോനേഷ്യ, ലാവോസ്, മലേഷ്യ, മ്യാൻമർ, ഫിലിപ്പൈൻസ്, സിംഗപ്പൂർ, തായ്‌ലന്റ്, വിയറ്റ്നാം എന്നീ പത്ത് തെക്കു കിഴക്കനേഷ്യൻ രാജ്യങ്ങളടങ്ങിയ സഖ്യമാണ് ആസിയാൻ. പൊതുവായ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ തൊണ്ണൂറുകളുടെ ആദ്യത്തിലാണ് ഈ കൂട്ടായ്മയുടെ പിറവി. 1995 മുതൽ ഇന്ത്യ ആസിയാന്റെ പ്രത്യേക സഹകരണ പങ്കാളിത്ത പദവിയിലുണ്ട് (Full Dialogue Partner). 2004 ലാണ് സ്വതന്ത്ര വ്യാപാര ചർച്ചകൾക്ക് തുടക്കം കുറിച്ചത്. 2004 ജനുവരി മുതൽ അതിനായി പ്രത്യേക കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. 2008 ഡിസംബറിൽ കരാർ പ്രാബല്യത്തിൽ വരുമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. എന്നാൽ വ്യാപകമായ പ്രതിഷേധങ്ങളെ തുടർന്ന് 2009 ഫെബ്രുവരിയിലേക്ക് മാറ്റി.

ഒക്ടോബറിൽ നടക്കുന്ന ഇന്ത്യ-ആസിയാൻ ഉച്ചകോടിയിൽ കരാർ ഒപ്പുവെക്കുമെന്നാണ് നേരത്തെ ബന്ധപ്പെട്ടവർ വിശദീകരിച്ചിരുന്നത്. എന്നാൽ രാജ്യത്ത് കരാറിനെതിരെ ഉരുണ്ടുകൂടുന്ന പ്രതിഷേധങ്ങളിൽപെട്ട് ഒപ്പുവെക്കാൻ കഴിയാതിരുന്നാലോ എന്ന ആശങ്കയാലായിരിക്കും എന്നു കരുതുന്നു, യാതൊരു മുന്നറിയിപ്പുമില്ലാതെയാണ് കരാറിൽ രണ്ടാഴ്ച മുമ്പ് ഒപ്പുവെക്കപ്പെട്ടത്. പാർലമെന്റ് നടന്നുകൊണ്ടിരിക്കുന്ന സമയമായിട്ടുപോലും സുപ്രധാനമായ കരാറിൽ ഒപ്പുവെക്കാൻ മന്ത്രിസഭ തീരുമാനമെടുക്കുന്നതിനു മുമ്പ് പാർലമെന്റിൽ ചർച്ച ചെയ്യാനവസരം നൽകുകയുണ്ടായില്ല. മാത്രമല്ല, മന്ത്രിസഭാംഗങ്ങളടക്കം ഉയർത്തിയ ആശങ്കകൾ പരിഹരിക്കാൻ ക്രിയാത്മകമായ ഒരു നടപടിയും കൈക്കൊണ്ടതേയില്ല. ഒപ്പിട്ടുകഴിഞ്ഞതിനുശേഷം തർക്കങ്ങൾ പരിഹരിക്കാനെന്നപേരിൽ ഒരു കമ്മിറ്റിയെ നിയമിച്ചിരിക്കുന്നു. കരാർ സംബന്ധമായ സുപ്രധാന കാര്യങ്ങൾ ഇരുകക്ഷികളും അംഗീകരിച്ചു ഒപ്പുവെച്ചു കഴിഞ്ഞിരിക്കെ ഈ കമ്മിറ്റിക്ക് ഇനി കടലാസിന്റെ വില മാത്രം. രാജ്യത്തിന്റെ സാമ്പത്തിക സുസ്ഥിരതയെ ബാധിക്കുന്ന തീരുമാനമെടുക്കുന്നതിൽ ജനാധിപത്യ രാഷ്ട്രത്തിലെ പാർലമെന്റിന് യാതൊരു പങ്കുമില്ലെന്നത് ഗൗരവത്തിൽ കാണേണ്ടതാണ്.

കരാർ പ്രാബല്യത്തിൽ വരുന്ന 2010 ജനുവരി ഒന്നുമുതൽ ഇന്ത്യയിലേക്ക് ഈ രാജ്യങ്ങളിൽ നിന്നുള്ള ഭൂരിഭാഗം സാധനങ്ങളുടെയും ഇറക്കുമതിക്ക് നിലവിലുള്ള നിയന്ത്രണങ്ങൾ ഘട്ടംഘട്ടമായി നീങ്ങും. 2010നും 2019നുമിടയിലാണ് കരാർ പൂർണമായി നടപ്പിൽ വരിക. 4000ത്തോളം സാധന-സേവനങ്ങളാണ് കരാറിൽ പരാമർശിച്ചിരിക്കുന്നത്. ഇവയെ മൂന്നു വിഭാഗമായി തിരിച്ചിരിക്കുന്നു. സാധാരണ (Normal) ഉൽപന്നങ്ങളാണ് പ്രധാനം. കരാറിലുൾപ്പെടുന്ന 80 ശതമാനം ഉൽപന്നങ്ങളും ഇതിൽപെടുന്നു. 2013നകം ഈ ഇനങ്ങളുടെ ഇറക്കുമതി തീരുവ പൂർണമായും നീക്കണം എന്ന് കരാർ പരാമർശിക്കുന്നു. മത്സ്യ ഉൽപന്നങ്ങൾ, പൈനാപ്പിൾ, കൊക്കോ, പേപ്പറുകൾ, നോട്ടുബുക്കുകൾ തുടങ്ങി ചെറുകിട യന്ത്രങ്ങൾ വരെ ഈ ഇനങ്ങളിൽ ഉൾപ്പെടുന്നു. സെൻസിറ്റീവ് വിഭാഗത്തിൽ പെടുന്നവയാണ് രണ്ടാമത്തേത്. ഇവയുടെ ഇറക്കുമതി തീരുവ 2016 ആവുമ്പോൾ 10 ശതമാനത്തിൽ കൂടാൻ പാടില്ല എന്നാണ് കരാറിലെ പരാമർശം. തുകൽ, തുകൽ ഉൽപന്നങ്ങൾ, മരം, മരഉൽപന്നങ്ങൾ, മരുന്നുകൾ, പ്ലൈവുഡ്, പാദരക്ഷകൾ, തുണിത്തരങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ആകെ വ്യാപാരത്തിന്റെ പത്തുശതമാനം മാത്രമേ ഈ വിഭാഗത്തിൽ പെടുന്നുള്ളൂ. അതീവ സെൻസിറ്റീവ് ഇനമാണ് മൂന്നാമത്തേത്. ഇവയുടെ ഇറക്കുമതി തീരുവ 2019 ആവുമ്പോൾ 30നും 45നും ഇടയിൽ നിജപ്പെടുത്തണമെന്നാണ് കരാർ വ്യവസ്ഥ ചെയ്യുന്നത്. പാമോയിൽ ഉൽപന്നങ്ങൾ, കുരുമുളക്, കാപ്പി, ചായ എന്നിവ ഈ വിഭാഗത്തിലാണ് ഉൾപ്പെടുക. 479 ഇനങ്ങളെ കരാറിൽ ഉൾപ്പെടുത്താത്ത സംരക്ഷിത ഇനങ്ങളായിരിക്കുമെന്നും ഇവയിലധികവും കാർഷിക ഉൽപന്നങ്ങളായിരിക്കുമെന്നും ചില കേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്നു. എന്നാൽ ഇങ്ങനെയൊരു നെഗറ്റീവ് ലിസ്റ്റ് ഇല്ല എന്നാണ് ഒടുവിൽ കിട്ടിയ വിവരം. ഇത്രയുമാണ് കരാറിന്റെ ആകെത്തുക.

കരടു കരാറിൽ സേവനമേഖലയിലും നിക്ഷേപ രംഗത്തുമുണ്ടാവേണ്ട സഹകരണത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും ഇപ്പോൾ ഒപ്പുവെച്ച വ്യവസ്ഥകളിൽ ഇത് ഉൾപ്പെടുമോ എന്നകാര്യം

വ്യക്തമല്ല. സേവനമേഖലയിലെ വ്യാപാരം കൂടുതൽ ഉദാരവൽക്കരിക്കുന്നതിന് ചർച്ചകൾക്ക് തുടക്കം കുറിക്കുമെന്നാണ് കരാറിലെ പരാമർശം. ഈ മേഖലയിൽ നിലനിൽക്കുന്ന വിവേചനങ്ങൾ അവസാനിപ്പിച്ച് തുറന്ന സമീപനം സ്വീകരിക്കാനാരംഭിച്ചാൽ ഇന്ത്യക്ക് നേട്ടമായിരിക്കും. കാരണം സേവനമേഖലയാണല്ലോ ഇന്ത്യയുടെ കരുത്ത്. നിക്ഷേപരംഗത്തെ സഹകരണം കൂടുതൽ ഉദാരവും മത്സരാധിഷ്ഠിതവുമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തും എന്നേ കരാർ പരാമർശിക്കുന്നുള്ളൂ. നിക്ഷേപരംഗത്തെ ഉദാരവൽക്കരണവും ഇന്ത്യക്ക് കൂടുതൽ ഗുണകരമായിരിക്കും. ഇന്ത്യയിൽ മൂലധന നിക്ഷേപം വർധിക്കുക മാത്രമല്ല, മറ്റു രാജ്യങ്ങളിൽ നിക്ഷേപ അവസരങ്ങൾ കണ്ടെത്താൻ ഇന്ത്യൻ കമ്പനികൾക്കും സാധിക്കും.

ഇനി ചോദ്യം, കരാർ പ്രാബല്യത്തിൽ വന്നാൽ എന്താണ് സംഭവിക്കുക എന്നാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ രാജ്യത്തെ കാർഷിക വ്യാവസായിക മേഖലയുടെ വളർച്ച ഉറപ്പാക്കുന്നതും ന്യായമായ വില ആഭ്യന്തര മാർക്കറ്റിലെങ്കിലും ലഭ്യമാവുന്നതും ഉയർന്ന ഇറക്കുമതി തീരുവയിലൂടെയും മറ്റും വിദേശ ഉൽപന്നങ്ങൾ നമ്മുടെ മാർക്കറ്റിലെത്തുന്നത് തടഞ്ഞുകൊണ്ടാണ്. ഈ നയങ്ങളിൽ നിന്ന് അൽപം പിറകോട്ടുപോവുകയും ആഗോള വ്യാപാര സംഘടനയിൽ അംഗമാവുകയും ചെയ്തതോടെ നമ്മുടെ വിദേശവ്യാപാര രംഗത്തെ നിയന്ത്രണങ്ങൾ നീക്കിയതിന്റെ ഫലം നമ്മുടെ നാട്ടിലെ കർഷകരും ചെറുകിട സംരംഭകരും അനുഭവിച്ചറിഞ്ഞതാണ്. നാളികേരമടക്കമുള്ള ഉൽപന്നങ്ങളുടെ വില കുറഞ്ഞതും കർഷകർ കടക്കെണിയിൽ കുടുങ്ങി ആത്മഹത്യയിൽ അഭയം തേടുന്നതും ഇപ്പോഴും തുടരുന്നുമുണ്ട്. ഇനി സംഭവിക്കാനിരിക്കുന്നത് അതിനേക്കാൾ വലിയ ദുരന്തമായിരിക്കും എന്നതിൽ സംശയമില്ല.

ഇറക്കുമതി തീരുവയും നിയന്ത്രണങ്ങളും കുറക്കുകയല്ല, മറിച്ച് പൂർണമായും ഇല്ലാതാവാൻ പോവുകയാണ്. ഉൽപന്നങ്ങൾ ഇന്ത്യൻ വിപണിയിലേക്ക് ഒഴുകാൻ ഇത് കാരണമാവും. ചെറുകിട വ്യവസായങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയാതെവരും. മത്സരശേഷിയുള്ള വൻ കോർപറേറ്റുകൾ മാത്രം നിലനിൽക്കും. കോളനിവൽക്കരണത്തിന്റെ തനിയാവർത്തനം വീണ്ടും സംഭവിച്ചാൽ ആശങ്കപ്പെടേണ്ടതില്ല. കാർഷിക ഉൽപന്നങ്ങൾക്ക് വില കുറയും. കൃഷി ആദായകരമല്ലാതാവുന്നതോടെ കർഷകർ തൊഴിൽരഹിതരാവും. 400 മില്യൻ ആളുകളാണ് രാജ്യത്ത് കാർഷിക വൃത്തിയെ ആശ്രയിച്ച് ജീവിക്കുന്നത് എന്നാണ് കണക്ക്.

എന്നാൽ നമ്മുടെ ഉൽപന്നങ്ങൾക്കും മറ്റു രാജ്യങ്ങളിൽ സ്വതന്ത്ര മാർക്കറ്റ് ലഭ്യമാകില്ലേ എന്ന ചോദ്യത്തിന് പ്രസക്തിയുണ്ട്. പക്ഷേ, മിക്ക ഉൽപന്നങ്ങൾക്കും വിദേശ വിപണിയിൽ പുതിയ ആവശ്യക്കാരില്ല എന്നതാണ് വാസ്തവം. നമ്മുടെ വെളിച്ചെണ്ണ കുറഞ്ഞ ചെലവിൽ അവിടങ്ങളിലൊക്കെ ഉൽപാദിപ്പിക്കുന്നുണ്ട്. കാർഷിക ഉൽപന്നങ്ങൾ അധികവും അങ്ങനെതന്നെ. കയറ്റുമതിക്ക് അവസരം ലഭിക്കുമ്പോൾ ഗുണം ലഭിക്കുക ചെറുവിഭാഗം കോർപറേറ്റുകൾക്ക് മാത്രമാണ്. ടാറ്റയുടെ കാറിനും റിലയൻസിന്റെ ഫോണിനും ഇന്തോനേഷ്യയിലും മലേഷ്യയിലും വിപണി ലഭ്യമായേക്കാം. കേരളത്തിലെ കർഷകന്റെ നാളികേരത്തിനും ചകിരി ഉൽപന്നങ്ങൾക്കും കശുവണ്ടിക്കും കുരുമുളകിനും എളുപ്പം ലഭ്യമാവണമെന്നില്ല. ലഭിച്ചാൽ തന്നെ വിലയുടെ കാര്യത്തിൽ മത്സരിക്കേണ്ടിയും വരും. കേരളത്തിലെ കർഷകരും മത്സ്യത്തൊഴിലാളികളും സ്വതന്ത്രവ്യാപാര കരാറിനെ എതിർക്കുമ്പോൾ വൻ വ്യവസായികളും വ്യാപാരികളും സ്വാഗതം ചെയ്യുന്നത് അതിനാലാണ്. ചെറിയൊരു ശതമാനം വരുന്ന സമ്പന്നരുടെ നേട്ടം മാത്രം മുന്നിൽ വെച്ച് രാജ്യത്തിന്റെ സാമ്പത്തികഭാവി അപകടത്തിൽ പെടുത്തുകയാണ് കരാറിലൊപ്പിടുന്നതോടെ സംഭവിക്കുന്നത്.

ഇന്ത്യയുമായുള്ള വ്യാപാരത്തിൽ നാലാം സ്ഥാനത്തുള്ള ആസിയാൻ രാജ്യങ്ങളുടെ 2007-08 വർഷത്തെ വ്യാപാര അടങ്കൽ 39.4 ബില്യൻ ഡോളറായിരുന്നു. ഇത് 50 ബില്യൻ ഡോളർ കടക്കാൻ വ്യാപാരകരാർ വഴിവെക്കുമെന്ന് കരാറിനെ അനുകൂലിക്കുന്നവർ കണക്കുകൂട്ടുന്നു. മെഷീനറികൾ, സ്റ്റീൽ, എണ്ണക്കുരുക്കൾ, വാഹന സ്പെയർപാർട്സുകൾ, കെമിക്കൽസ് തുടങ്ങിയവ രാജ്യത്തേക്ക് കൂടുതൽ ലഭ്യമാവുന്നത് അനുഗ്രഹമാകുമെന്നാണ് പ്രധാനമന്ത്രിയടക്കമുള്ളവരുടെ വാദം. റബർ അടക്കമുള്ള ഉൽപന്നങ്ങളെ 'ഹൈലി സെൻസിറ്റീവ് ലിസ്റ്റിൽ' പെടുത്തി കർഷകരുടെ ആശങ്ക പരിഹരിക്കും എന്നാണ് മന്ത്രിസഭയുടെ ഉറപ്പ്. എന്നാൽ നെഗറ്റീവ് ലിസ്റ്റിൽ ഏതൊക്കെ ഉൽപന്നങ്ങൾ ഉൾപ്പെടുമെന്ന് ഇതേവരെ വ്യക്തമാക്കിയിട്ടില്ല. കരാർ ഒപ്പുവെച്ചിരിക്കെ ഇനി എത്രത്തോളം ഭേദഗതികൾ ആവാം എന്നതും ചോദ്യചിഹ്നമാണ്. മന്ത്രിസഭയിലെ വിശ്വസ്തരായ സഹപ്രവർത്തകരെപോലും ഇക്കാര്യം ബോധ്യപ്പെടുത്താൻ പ്രധാനമന്ത്രിക്കായിട്ടില്ല എന്നതാണ് യാഥാർഥ്യം. നേരിട്ടുള്ള വിദേശ നിക്ഷേപം കൂടുതൽ ലഭിക്കും എന്നതാണ് ചൂണ്ടിക്കാണിക്കുന്ന മറ്റൊരു ഘടകം. സിംഗപ്പൂരും മലേഷ്യയും ഇന്ത്യയിലെ വിദേശ നിക്ഷേപകരിൽ ഇപ്പോൾതന്നെ മുൻപന്തിയിലാണ്. വിദേശ നിക്ഷേപത്തിനുള്ള നിയമങ്ങൾ ഇപ്പോൾ തന്നെ ഉദാരവുമാണ്. എന്നിരിക്കെ കരാറുമായി അതിനെ കൂട്ടി യോജിപ്പിക്കേണ്ട കാര്യമുണ്ടായിരുന്നില്ല. മാത്രമല്ല, വിദേശനിക്ഷേപം മൂലം ഇന്ത്യയിൽ വളർച്ച വർധിക്കുമെങ്കിലും നേട്ടം വിദേശ നിക്ഷേപകർക്കാണെന്ന വാദവും നിലനിൽക്കുന്നു. അൽപം തൊഴിൽ സൃഷ്ടിക്കപ്പെടും എന്നതു മാത്രമാണ് ആശ്വാസം.

മാത്രമല്ല, ആസിയാൻ രാഷ്ട്രങ്ങളുമായി ഒപ്പുവെക്കുന്ന സ്വതന്ത്രവ്യാപാര കരാർ ഈ പരമ്പരയിലെ ആദ്യത്തേതോ അവസാനത്തേതോ അല്ല. ശ്രീലങ്കയുമായുള്ള കരാർ നേരത്തെ ഒപ്പിട്ടുകഴിഞ്ഞിട്ടുണ്ട്. യൂറോപ്യൻ യൂണിയനുമായുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്. മറ്റു ചില രാഷ്ട്രങ്ങളും സംഘടനകളും അതിലേക്കുള്ള വഴിയിലാണ്. വികസിത-വികസ്വര രാഷ്ട്രങ്ങൾ തമ്മിൽ സ്വതന്ത്രവ്യാപാര കരാറിലേർപ്പെടുന്നത് വികസിത രാജ്യത്തിനേ ഗുണം ചെയ്യൂ എന്ന് നിരവധി പഠനങ്ങൾ തെളിയിച്ചതാണ്. വികസിത രാജ്യം കരാർപ്രകാരം വാഗ്ദാനം ചെയ്യുന്ന പല പരിഗണനകളും വികസ്വര രാജ്യങ്ങൾക്ക് ഉപകരിക്കില്ല എന്നതാണ് ഇതിൽപ്രധാനം. സ്വതന്ത്രവ്യാപാര കരാർ നടപ്പിലാവുന്നതോടെ രാജ്യത്തിനു വരുന്ന നഷ്ടങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

1. ഇറക്കുമതി ചുങ്കത്തിലുണ്ടാവുന്ന വൻകുറവ് വരുമാനനഷ്ടം സൃഷ്ടിക്കുന്നു.

2. ഇറക്കുമതി വൻതോതിൽ വർധിക്കുമ്പോൾ കയറ്റുമതിയിൽ അത്രമാത്രം വർധനവുണ്ടാക്കാൻ സാധിക്കുന്നില്ല. ആഭ്യന്തര വിപണിയിൽ വിദേശ ഉൽപന്നങ്ങൾ മേധാവിത്തം നേടുകയും ചെറിയ വ്യവസായങ്ങൾ അടച്ചുപൂട്ടുന്നതിനും അതുവഴി വ്യാപക തൊഴിൽ നഷ്ടത്തിനുമിടയാക്കും.

3. ജീവിതനിലവാരത്തെ ദോഷകരമായി ബാധിക്കുന്നു. ഇന്ത്യയുടെ സാമ്പത്തികവളർച്ച ഒമ്പതു ശതമാനം വരെ എത്തിയെങ്കിലും മൂന്നിലൊരുഭാഗം ദരിദ്രരാണ്. ഭൂരിഭാഗം തൊഴിലാളികളും തൊഴിൽ സുരക്ഷയില്ലാത്തവരാണ്. മാത്രമല്ല, 2020 ആകുമ്പോഴേക്കും 200 മില്യൻ പുതിയ തൊഴിൽ സൃഷ്ടിക്കേണ്ടതുണ്ടെ

ന്നാണ് സർക്കാർ കണക്ക്. സ്വതന്ത്രവ്യാപാര കരാറുകൾ വഴി ഉൽപാദന മേഖല മുരടിച്ചാൽ അത് ജനജീവിതം ദുസ്സഹമാക്കും.


4. നേട്ടം കുത്തകകൾക്ക്. സ്വതന്ത്ര വ്യാപാര കരാർ വഴി വിപണി സ്വതന്ത്രമാവുന്നതോടെ മത്സരക്ഷമമാവും. വികസ്വര മാർക്കറ്റുകളും ഉൽപന്നങ്ങളും തമ്മിലുള്ള മത്സരത്തിൽ നേട്ടം ആർക്കാണെന്ന് പറയേണ്ടതില്ലല്ലോ. ഫലത്തിൽ ബഹുരാഷ്ട്ര കുത്തകകൾക്ക് യാതൊരു നിയന്ത്രണവുമില്ലാതെ ഉൽപന്നങ്ങൾ ചെലവഴിക്കുന്നതിനുള്ള വാതിലുകളാണ് തുറന്നുകിട്ടുക.

5. കാർഷികമേഖലയുടെ തകർച്ച. മിക്കവാറും സബ്സിഡി നൽകി ഉൽപാദിപ്പിക്കുന്ന വിദേശ കാർഷികോൽപന്നങ്ങൾ വിപണി പിടിച്ചടക്കുന്നതോടെ കാർഷികോൽപന്നങ്ങൾക്ക് വിലത്തകർച്ച സംഭവിക്കും.

നൂറുകോടിയിലേറെ ജനങ്ങളുള്ള ഇന്ത്യൻ മാർക്കറ്റ് ലോകത്തുള്ള ഏതൊരു ഉൽപാദകനും പ്രതീക്ഷ നൽകുന്നു. വികസിത രാജ്യങ്ങളിലെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങളാണ് സ്വതന്ത്രവ്യാപാര കരാറുകളുടെ പേരിൽ നടക്കുന്നത്. കരാറുകൾ പ്രാബല്യത്തിൽ വരുന്നതോടെ കോളനിവൽക്കരണ കാലത്തിന്റെ തനിയാവർത്തനമാണ് രാജ്യത്ത് സംഭവിക്കുക. അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്ന ചെറുകിട വ്യവസായങ്ങളിലെ തൊഴിലാളികൾക്കും കൃഷി നിർത്തി മറ്റു വഴി തേടുന്ന ചെറുകിട കർഷകനും ഇപ്പോൾ വേറെ തൊഴിലുകൾ ലഭ്യമാണ്. ആസിയാൻ കരാർ നടപ്പിലായി വരുമ്പോഴേക്കും (അഞ്ചു മുതൽ 10 വർഷത്തിനകം) കുടിയൊഴിപ്പിക്കപ്പെടുന്ന കർഷകനെ ഏറ്റെടുക്കാൻ എന്ത് സംവിധാനമാണ് ഉണ്ടാവുക?

## ആസിയാൻ കരാറും കേരളവും

ആസിയാൻ രാഷ്ട്രങ്ങളുമായുള്ള സ്വതന്ത്രവ്യാപാര കരാർ ഏറ്റവും കൂടുതൽ ബാധിക്കുന്നത് കേരളത്തിന്റെ വാണിജ്യവിളകളെയായിരിക്കും. കേരള സമ്പദ്‌വ്യവസ്ഥയുടെ നെടുംതൂണുകളിലൊന്നാണ് നാളികേരം, റബർ വരെയുള്ള വാണിജ്യവിളകൾ. നല്ലൊരു ശതമാനം കേരളീയനും മുഴുവനായോ ഭാഗികമായോ കാർഷികമേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഈ ഉൽപന്നങ്ങൾക്ക് മാന്യമായ വിലയുണ്ടെങ്കിൽ നാട്ടിൻപ്രദേശങ്ങളിൽ നടക്കുന്ന എല്ലാ ചടങ്ങുകൾക്കും പൊലിമ കൂടും. വിലത്തകർച്ച കർഷകന്റെ ചങ്കിടിപ്പേറ്റുകയും ചെയ്യും. അതിനാലാണ് കരാർ ചർച്ചചെയ്ത മന്ത്രിസഭയിൽ വരെ മലയാളികളായ എ.കെ ആന്റണിയും വയലാർ രവിയും കരാറിനെതിരെ തുറന്നടിച്ചതും പ്രതിപക്ഷനേതാവും മുഖ്യമന്ത്രിയും ദൽഹിയിൽ പറന്നെത്തി നിവേദനം നൽകിയതും. വേണ്ടതു ചെയ്യാം എന്നുറപ്പുകിട്ടി എന്ന് ആശ്വസിച്ചു തിരിച്ചുപോന്നതല്ലാതെ പ്രഖ്യാപനങ്ങളൊന്നും വന്നതായി കണ്ടില്ല. ആസിയാൻ രാഷ്ട്രങ്ങളിലും കേരളത്തിലേതു പോലെതന്നെ സമൃദ്ധമായി വിളയുന്ന ഇനങ്ങളാണ് റബർ, നാളികേരം, ചായ, കാപ്പി തുടങ്ങിയവ. നാളികേര വിപണിക്ക് ഭീഷണിയായ പാമോയിൽ മലേഷ്യയിലും മറ്റും ധാരാളമായി ഉൽപാദിപ്പിക്കുന്നു. ഉൽപാദനച്ചെലവ് കുറവായതും സർക്കാർ സബ്സിഡിയും മൂലം നമ്മെക്കാൾ കുറഞ്ഞവിലയ്ക്ക് ഇന്ത്യൻ വിപണിയിൽ കാർഷിക ഉൽപന്നങ്ങൾ ലഭ്യമാക്കാൻ ഈ രാജ്യങ്ങൾക്കു കഴിയും. ഉയർന്ന ഇറക്കുമതി തീരുവയാണ് ഇതേവരെ വിഘാതമായി നിന്നത്. ഇനി തീരുവ അപ്രത്യക്ഷമാവുകയും നിയന്ത്രണങ്ങൾ നീക്കുകയും ചെയ്താൽ കാർഷിക മേഖല പിടിച്ചുനിൽക്കാൻ വേറെ വഴി നോക്കേണ്ടിവരും. ■



**രണ്ടുവർഷം മുമ്പ് യു.പി.എ ചെയർപേഴ്സൺ സോണിയാ ഗാന്ധി കരാർസംബന്ധമായി പ്രധാനമന്ത്രിക്ക് കത്തെഴുതുകയുണ്ടായി. എന്നാൽ ഈ ആശങ്കകൾക്ക് പുല്ലുവില കൽപിക്കാതെയാണ് "കരാറിൽ ഇപ്പോൾ ഒപ്പുവെച്ചില്ലെങ്കിൽ നാം ഒറ്റപ്പെട്ടുപോകും" എന്ന ന്യായം പറഞ്ഞ് നവ ഉദാരവൽക്കരണവാദികളായ പ്രധാനമന്ത്രിയും കൂട്ടരും കരാറൊപ്പിടാൻ ഇറങ്ങിത്തിരിച്ചതും യാതൊരു മുന്നറിയിപ്പുമില്ലാതെ ഒപ്പുവെച്ചതും.**